LIBRARY ARCHIVES Kerala Legislative Assembly

കുടിവെള്ള പദ്ധതികൾ

213(2249) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാവർക്കും കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ മുഴുവൻ കുടുംബങ്ങൾക്കും 2024-ഓടുകൂടി കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കേരള വാട്ടർ അതോറിറ്റി, ജലനിധി എന്നിവ മുഖേന നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. കൂടാതെ എ.ഡി.ബി. ധനസഹായത്തോടെ തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ 24X7 മുടങ്ങാതെ കുടിവെള്ളം നൽകുന്നതിനായി 2,511 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനുവേണ്ട പ്രാരംഭനടപടികൾ നടന്നുവരുന്നു. സംസ്ഥാനത്ത് എല്ലാവർക്കും കുടിവെള്ളം മുടങ്ങാതെ ലഭ്യമാക്കുന്നതിനായി നിലവിലുള്ള പദ്ധതികളുടെ പൂർണ്ണമായശേഷി ഉപയോഗപ്പെടുത്തിയും സാദ്ധ്യമായ ഇടങ്ങളിൽ പുനരുദ്ധാരണം നടത്തി ശേഷിവർദ്ധിപ്പിച്ചും ജലവിതരണത്തിന്റെ തോത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കുടിവെള്ള പദ്ധതികൾ അപര്യാപ്തമായ മേഖലകളിലേയ്ക്ക് പുതിയ പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കുന്നുണ്ട്. കൂടാതെ അമൃത്, കിഫ്ബി, ആർ.കെ.ഐ., സ്റ്റേറ്റ് പ്ലാൻ, ജല ജീവൻ മിഷൻ പദ്ധതികൾ, എം.എൽ.എ/എം.പി ഫണ്ട് വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡെപ്പോസിറ്റ്, നബാർഡ്, മൈനോറിറ്റി തുടങ്ങിയ ഫണ്ടുകളുപയോഗിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള വിവിധ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ച സ്ഥലങ്ങളിൽ ശുദ്ധവും തടസ്സം കൂടാതെയുമുള്ള ജലം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ ജലവിതരണ പദ്ധതികൾ പൂർത്തീകരിച്ച സ്ഥലങ്ങളിൽ ശുദ്ധവും തടസ്സം കൂടാതെയുമുള്ള ജലം നൽകുന്നതിന് താഴെ സൂചിപ്പിക്കുന്ന നടപടികൾ സ്വീകരിച്ചുവരുന്നു. വിതരണ ശൃംഖലയിലെ ഉയർന്നതും താഴ്ന്നതുമായ പ്രദേശങ്ങളിൽ തുല്യജലലഭ്യത ഉറപ്പാക്കുന്നതിനായി വാൽവുകൾ ഘടിപ്പിച്ച് ക്രമീകരണം നടത്തിയും വിതരണ ശൃംഖലയിലെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിച്ചും പമ്പുകളുടെയും മോട്ടോറുകളുടേയും കപ്പാസിറ്റി

LIBRARY ARCHIVES Kerala Legislative Assembly

വർദ്ധിപ്പിച്ചും പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചും വാൽവ് സ്ഥാപിച്ചും കുഴൽകിണർ പദ്ധതികൾ പുനരുദ്ധരിച്ചും തടയണകൾ നിർമ്മിച്ച് സ്രോതസ്സിന്റെ ജലലഭ്യത ഉയർത്തിയും പമ്പ് ഹൗസുകളിൽ ഓട്ടോമേഷൻ നടത്തിയും ജലജീവൻ മിഷൻ പദ്ധതിയിലുൾപ്പെടുത്തി പദ്ധതികളുടെ പൂർണ്ണശേഷി ഉറപ്പാക്കി ജലവിതരണം സുഗമമായി നടത്താനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. കൂടാതെ KSEB തുടങ്ങിയ ഡിപ്പാർട്ടുമെന്റുകളുമായി സഹകരിച്ച് സ്രോതസ്സുകളിൽ ജലലഭ്യത ഉറപ്പാക്കിയും വൈദ്യുതി തടസ്സം ഒഴിവാക്കിയും കുടിവെള്ളം തടസ്സം കൂടാതെ നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജലനിധി പദ്ധതിയിലും മറ്റുപദ്ധതികളിലും ഉൾപ്പെടുത്തി പൂർത്തീകരിച്ചതും സാമൂഹ്യ ഉടമസ്ഥതയിൽ ഗുണഭോക്താക്കൾതന്നെ തുടർനടത്തിപ്പും പരിപാലനവും നടത്തുന്നതുമായ കുടിവെള്ള സ്കീമുകളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുംവേണ്ടി സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുള്ള പദ്ധതിയാണ് സുസ്ഥിരത പദ്ധതി. കെ.ആർ.ഡബ്ല്യു.എസ്.എ. മുഖേന നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തി 2019-20, 2020-21 സാമ്പത്തിക വർഷങ്ങളിലായി ആകെ 1300 കുടിവെള്ള പദ്ധതികൾക്കായി 85 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിൽ തുടർനടത്തിപ്പ് നിയമാവലി അംഗീകരിച്ച ഗുണഭോക്തൃ സമിതികളുടെ 968 സ്കീമുകൾ പുനരുദ്ധാരണ പ്രവൃത്തികൾക്കായി ഏറ്റെടുക്കുകയും 366 പദ്ധതികൾ പുനരുദ്ധീകരിച്ച് ജലവിതരണം സുഗമമാക്കുകയും ചെയ്തു. ബാക്കിയുള്ള കുടിവെള്ള പദ്ധതികളിലെ പുനരുദ്ധാരണ പ്രവൃത്തികൾ പുരോഗമിച്ചുവരുകയാണ്. 2021-22 സാമ്പത്തിക വർഷത്തിൽ 339 കുടിവെള്ള പദ്ധതികൾകൂടി നവീകരിക്കുന്നതിന് 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പൈപ്പ് ലൈൻ ഇടയ്ക്കിടെ പൊട്ടുന്നത് ശാസ്ത്രീയമായി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

കേരള വാട്ടർ അതോറിറ്റിയുടെ കാലപ്പഴക്കംചെന്ന വിതരണ പൈപ്പുകൾ സമയബന്ധിതമായി KWA പൈപ്പ് പോളിസി നിർദ്ദേശിക്കുന്ന പ്രകാരമുള്ള പൈപ്പുകൾ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കുക, പൈപ്പ്ലൈനുകളിലെ മർദ്ദം രേഖപ്പെടുത്തുന്ന മീറ്ററുകൾ സ്ഥാപിച്ച് മർദ്ദം ശരിയായ രീതിയിൽ ക്രമീകരിക്കുക, ക്വിക്ക് റിലീസ്, ഫ്ലോ കൺട്രോൾ വാൽവുകൾ സ്ഥാപിക്കുക, റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ പൈപ്പുകൾക്ക് മതിയായ സംരക്ഷണം ഉറപ്പാക്കുക, പൈപ്പ് പ്രീ ഡെലിവറി ഇൻസ്പെക്ഷൻ കുറ്റമറ്റതാക്കുക, SCADA പോലുള്ള ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് ജലവിതരണ സംവിധാനം നിയന്ത്രിക്കുക, പഴയതും ചോർച്ചയുള്ളതുമായ സർവ്വീസ് കണക്ഷനുകൾ പുനരുദ്ധരിക്കുക, നൂതന സംവിധാനമായ GPS പോലുള്ളവ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗപ്പെടുത്തി വിതരണ മേഖല തരംതിരിച്ച് ജലവിതരണം നടത്തുക എന്നീ നടപടികളിലൂടെ പൈപ്പ്ലൈൻ ഇടയ്ക്കിടെ പൊട്ടുന്നത് ശാസ്ത്രീയമായി പരിഹരിക്കുവാൻ ശ്രമിക്കുന്നതാണ്. ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കിയ കുടിവെള്ള പദ്ധതികളുടെ തുടർനടത്തിപ്പ്, പരിപാലനം തുടങ്ങിയ പ്രവൃത്തികൾ അതാത് ഗുണഭോക്തൃ സമിതികൾ നേരിട്ടാണ് ചെയ്യുന്നത്. പൈപ്പ് ലൈനുകളിൽ ഉണ്ടാകുന്ന മെയിന്റനൻസ്, ലീക്കേജ് തുടങ്ങിയ പ്രശ്നങ്ങൾ സമിതികൾതന്നെ പരിഹരിക്കുകയാണ് ചെയ്യുന്നത്. ജലനിധി പദ്ധതികളിൽ പല കാരണങ്ങളാലും പ്രവർത്തനരഹിതമായതും ഭാഗികമായി പ്രവർത്തിക്കുന്നതുമായ പദ്ധതികൾ കേടുപാടുകൾ പരിഹരിച്ച് അവയെ പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുന്നതിനുവേണ്ടി കേരള സർക്കാർ സാമൂഹിക കുടിവെള്ള വിതരണ പദ്ധതികളുടെ സുസ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് (sustainability support to community managed water supply scheme). ഇതിൽപ്പെടുത്തി കേടുപാടുകൾ സംഭവിച്ച പൈപ്പുലൈനുകളും മറ്റുഘടകങ്ങളും മാറ്റി പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാക്കുന്നുണ്ട്.

മഞ്ചേശ്വരം മണ്ഡലത്തിലെ കുടിവെള്ള പദ്ധതികൾ

214(2250) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പിനുകീഴിലെ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നതും അടുത്തകാലത്ത് പൂർത്തീകരിച്ചതുമായ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ?

(എ&ബി) ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും കാര്യാലയത്തിന് കീഴിൽ മഞ്ചേശ്വരം മണ്ഡലത്തിലെ ഇറിഗേഷൻ, മൈനർ ഇറിഗേഷൻ വകുപ്പിനുകീഴിലെ നിലവിൽ നടന്നുകൊണ്ടിരിക്കുന്നതും പൂർത്തീകരിച്ചതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം 1*ആയി ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ വിവരങ്ങൾ ലഭ്യമാക്കുമോ; ഭരണാനുമതി ലഭിച്ച കുടിവെള്ള പദ്ധതികൾ ഏതൊക്കെയാണ്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.